# പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.180 — 18.03.2013 ന് മറുപടിയ്ക്ക്.

## വനാതിർത്തിയിലെ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനത്ത് വനാതിർത്തിക്കുള്ളിലൂടെ കടന്നുപോകുന്ന റോഡുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് വനാതിർത്തിക്കുള്ളിലൂടെ കടന്നുപോകുന്ന ചില റോഡുകൾ പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി)എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് വനസംരക്ഷണത്തിന് അത്യാവശ്യമായ മേഖലകളിലുള്ള റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തനവും നടത്തി വരുന്നുണ്ട്. |
| (സി)സംസ്ഥാനത്ത് ഇപ്രകാരം എത്ര റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്ത് 31 റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 4<br>2. കൊല്ലം - 4<br>3. പത്തനംതിട്ട - 2<br>4. ഇടുക്കി - 3<br>5. എറണാകുളം - 4<br>6. തൃശ്ശൂർ - 1<br>7. പാലക്കാട് - 1<br>8. മലപ്പുറം - 8<br>9. വയനാട് - 3<br>10. കാസർഗോഡ് - 1<br>ആകെ - 31 |
| (ഡി)പ്രസ്തുത റോഡുകളിലൂടെയുള്ള യാത്ര ദുസ്സഹമായ സാഹചര്യത്തിൽ അവ സമയബന്ധിതമായി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഒരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ